**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2040** **21-06-2024 - ൽ മറുപടിയ്ക്ക്**

**പത്ര പ്രവർത്തക ക്ഷേമ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പത്ര പ്രവർത്തക ക്ഷേമ പെൻഷൻ വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വർദ്ധനവ് എത്രയെന്നും എന്നു മുതൽ ആയത് നടപ്പിലാക്കുമെന്നും അറിയിക്കാമോ; | (എ) | പത്രപ്രവർത്തക - പത്രപ്രവർത്തകേതര ജീവനക്കാർക്കായി സംസ്ഥാന സർക്കാർ മികച്ച നിലയിൽ നടത്തിവരുന്ന ക്ഷേമപദ്ധതിയാണ് പത്രപ്രവർത്തക - പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലം മുതൽ പെൻഷൻ തുകയിൽ കാലാനുസൃതമായ വർധനവ് വരുത്തി വരുന്നുണ്ട്. ഏറ്റവും ഒടുവിൽ 2020-21 ൽ പെൻഷൻ തുകയിൽ 1000 രൂപയുടെ വർധനവ് വരുത്തുവാൻ തീരുമാനിച്ചു.നിലവിൽ 500 രൂപയുടെ വർദ്ധനവാണ് നടപ്പാക്കിയിട്ടുള്ളത്. ഇതുപ്രകാരം 10,500 രൂപ വീതം പ്രതിമാസ പെൻഷൻ ലഭ്യമാകും. മുൻ തീരുമാനപ്രകാരമുള്ള 1000 രൂപയുടെ വർദ്ധനവ് 2024 ജൂലൈ മാസത്തോടെ വർദ്ധിപ്പിച്ച് 11,000 രൂപ പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | 2020-21 ബജറ്റിൽ പ്രഖ്യാപിച്ച പെൻഷൻ വർദ്ധനവ് പൂർണ്ണ തോതിൽ നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | പത്രപ്രവർത്തക - പത്രപ്രവർത്തകേതര ജീവനക്കാർക്കായി സംസ്ഥാന സർക്കാർ മികച്ച നിലയിൽ നടത്തിവരുന്ന ക്ഷേമപദ്ധതിയാണ് പത്രപ്രവർത്തക - പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലം മുതൽ പെൻഷൻ തുകയിൽ കാലാനുസൃതമായ വർധനവ് വരുത്തി വരുന്നുണ്ട്. ഏറ്റവും ഒടുവിൽ 2020-21 ൽ പെൻഷൻ തുകയിൽ 1000 രൂപയുടെ വർധനവ് വരുത്തുവാൻ തീരുമാനിച്ചു.നിലവിൽ 500 രൂപയുടെ വർദ്ധനവാണ് നടപ്പാക്കിയിട്ടുള്ളത്. ഇതുപ്രകാരം 10,500 രൂപ വീതം പ്രതിമാസ പെൻഷൻ ലഭ്യമാകും. മുൻ തീരുമാനപ്രകാരമുള്ള 1000 രൂപയുടെ വർദ്ധനവ് 2024 ജൂലൈ മാസത്തോടെ വർദ്ധിപ്പിച്ച് 11,000 രൂപ പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് എത്ര പത്ര പ്രവർത്തകർക്കാണ് പൂർണ്ണ തോതിൽ പെൻഷൻ നൽകുന്നതെന്നും എത്ര പേർക്കാണ് പകുതി പെൻഷൻ നൽകുന്നതെന്നും വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് 676 പേർക്ക് പൂർണ്ണ തോതിലുള്ള പെൻഷനും, 28 പേർക്ക് 50% പെൻഷനും നൽകി വരുന്നു. |
| (ഡി) | പത്ര പ്രവർത്തകരിൽ നിന്ന് അംശാദായം വാങ്ങുന്നത് നിർത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; ഇപ്രകാരം പെൻഷൻ നൽകാൻ പ്രതിമാസം എത്ര രൂപ ചെലവിടുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | ഇല്ല, പത്രപ്രവർത്തക പെൻഷനായി 2024 ജൂൺ മാസം മാത്രം 79,81,750/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഇ) | പെൻഷൻ ഫണ്ടിലേക്ക് പത്ര ഉടമകൾ വിഹിതം നൽകുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ഉടമകളെന്നും നാളിതുവരെ എത്ര തുക നൽകിയെന്നും അറിയിക്കാമോ? | (ഇ) | മുന്ന് ഘടകങ്ങൾ ചേർന്നതാണ് ഈ പെൻഷൻ പദ്ധതിയെന്നാണ് ചട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. അംഗങ്ങളുടെ അംശദായം, മാധ്യമസ്ഥാപനങ്ങളുടെ വിഹിതം, സർക്കാർ വിഹിതം എന്നിവയാണവ. എന്നാൽ നാളിതുവരെ ഒരു മാധ്യമസ്ഥാപനവും തങ്ങളുടെ തൊഴിലാളി ക്ഷേമത്തിനായി നടത്തുന്ന ഈ പദ്ധതിയ്ക്കായി പ്രത്യേക വിഹിതം മാറ്റിവച്ചിട്ടില്ല. സർക്കാർ നിധിയിലേയ്ക്കുതുക ലഭ്യമാക്കിയിട്ടുമില്ല. അവരുടെ കൂടി വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതി കൂടുതൽ വിപുലപ്പെടുത്താനാകും. |

സെക്ഷൻ ഓഫീസർ